പതിമൂന്നാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 17 — 09.03.2015 ൽ മറുപടിക്ക്

## മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, സി.മോയിൻ കുട്ടി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയ സജീവമാകുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയകളുടെ കുറ്റകരമായ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും "ഓപ്പറേഷൻ സുരക്ഷ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാകുന്നു. മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയ തുടങ്ങിയവ സജീവമാകുന്നത് തടയാൻ റെയിഡുകൾ നടത്തിയും വാഹനപരിശോധനകൾ നടത്തിയും പട്രോളിംഗ് നടത്തിയും ഇത്തരക്കാരെ നിരീക്ഷിച്ച് ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ MMDR Act. KPRB Act, RRS Act & 379 IPC തുടങ്ങിയ നിയമവ്യവസ്ഥകൾ പ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ രഹസ്യവിവരങ്ങൾ ശേഖരിക്കുകയും രഹസ്യാന്വേഷണ പോലീസിന്റെയും ഷാഡോ പോലീസിന്റെയും സഹായത്തോടെ കുറ്റക്കാരെ കണ്ടുപിടിക്കുകയും. കൂടാതെ നിരന്തരമായുള്ള ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിച്ചും നിരീക്ഷണം നടത്തിയും പോലീസ് ബീറ്റ് തുടങ്ങിയവ കാര്യക്ഷമമാക്കിയും ഇക്കൂട്ടരെ തടയാൻ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത മാഫിയകളുടെ ഭാഗമായ ഗുണ്ടകൾ നടത്തുന്ന ഗുണ്ടാപ്പിരിവും, അതെച്ചൊല്ലിയുള്ള സംഘട്ടനങ്ങളും സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 2014 ൽ ഇതോടനുബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) ഇല്ല. 2014 ൽ ഇത്തരം കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പോലീസിലെ ഒരു വിഭാഗം ഈ മാഫിയ സംഘങ്ങൾക്ക് ഒത്താശ ചെയ്യുന്നുണ്ടെന്ന ആരോപണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നട<u>ത്തു</u>മോ? | (സി) | ഇത്തരത്തിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടാൽ സമഗ്രമമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ